(സി) കൈത്തറി മേഖലയിൽ ഉദ്ദേശം 1,75,000 തൊഴിലാളികൾ പ്രവർത്തിക്കുന്നതായി കണക്കാക്കുന്നു. തറികളുടെ എണ്ണം 58,400 ആണെന്ന് കണക്കാക്കുന്നു.

(ഡി) സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം, പരിശീലന പരിപാടി, ഹാങ്ക്യാൺ സബ്സിഡി തുടങ്ങിയ സംസ്ഥാന പദ്ധതികളും മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ദീൻദയാൽ കൈത്തറി വികസന പദ്ധതി, വിദേശ വിപണി ലക്ഷ്യമാക്കിയുള്ള ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം, തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി ഹെൽത്ത് പാക്കേജ് സ്കീം, ഹൗസ്-കം-വർക്കുഷെഡ് സ്കീം തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളും നിലവിലുണ്ട്.

വസ്ത്ര നിർമ്മാണ പാർക്ക് കണ്ണൂരിൽ സ്ഥാപിക്കണമെന്ന ആവശ്യം

148 [2628] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായത്തോടെയുള്ള വസ്ത്ര നിർമ്മാണ പാർക്ക് കണ്ണൂരിൽ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ കാര്യത്തെക്കുറിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) കണ്ണൂർ ജില്ലയിൽ വസ്ത്ര നിർമ്മാണ പാർക്ക് സ്ഥാപിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യം കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ബാലികാ സമൃദ്ധി യോജന പദ്ധതി

149 [2629] ശ്രീ. എം.. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട കുടുംബത്തിലെ പെൺകുട്ടികളുടെ ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കിയ ബാലികാ സമൃദ്ധി യോജന പദ്ധതിയുടെ ഗുണങ്ങൾ കാസർഗോഡ് ജില്ലയിൽ എത്ര പേർക്ക് ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ബാലികാ സമൃദ്ധി യോജന പദ്ധതിക്കായി കേന്ദ്ര സർക്കാർ അനുവദിച്ച സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടും അപേക്ഷ സമർപ്പിച്ചവർക്ക് ആനുകൂല്യം ലഭിക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാർ 2001-02 വരെ 275.474 ലക്ഷം രൂപ അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. 2002-03, 2003-04 എന്നീ വർഷങ്ങളിൽ ഫണ്ട് അനുവദിച്ചിട്ടില്ല.

(സി) ഈ പദ്ധതിക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അതിർത്തിയിലുള്ള അപേക്ഷകരിൽനിന്നും യോഗ്യതയുള്ളവരെ (ബി.പി.എൽ. കാറ്റഗറിയിൽനിന്ന്) തെരഞ്ഞെടുക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആനുകൂല്യം നൽകിവരുന്നുണ്ട്.

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

150 [2630] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഈ സാമ്പത്തിക വർഷം എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) വനിതാ വികസന കോർപ്പറേഷൻ 2003-04 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ 63 താലൂക്കുകളിൽ ഒന്ന് വീതം ഹോംലി ഫുഡ് സെന്റർ എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കേന്ദ്ര സർക്കാരിന്റെ വിമൻ ആന്റ് ചൈൽഡ് മന്ത്രാലയത്തിന്റെ കീഴിലുള്ള 'സ്റ്റെപ്പ്' പദ്ധതിയുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. മൂന്ന് കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതിയുടെ ഭാഗമായി 1,500 വനിതകൾക്ക് നേരിട്ട് തൊഴിൽ ലഭിക്കുമെന്ന് കണക്കാക്കുന്നു.

ആത്മഹത്യ ചെയ്തവരുടെ കുടുംബത്തിന് സാമ്പത്തിക സഹായം

151 [2631] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ ആത്മഹത്യ ചെയ്തവരുടെ കുടുംബത്തിന് സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സാമ്പത്തിക സഹായം ഏത് കാലയളവുവരെ ഉള്ളവർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇനി എത്ര അപേക്ഷകർക്ക് തുക നൽകുവാനുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഇ) ഇത് ഏത് കാലയളവിനുള്ളിൽ നൽകുമെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly